QP CODE: 20100630

20100630

Reg No : .....................

Name : .....................

# BA DEGREE (CBCS) EXAMINATION, MARCH 2020

## Sixth Semester

## Choice Based Core Course - ML6CBT01 - MALAYALATHILE STHREE RACHANAKAL

B.A Malayalam Language and Literature Model I,B.A Malayalam Language and Literature Model II Copy Writing,B.A Malayalam Language and Literature Model II Copy Editing,

2017 Admission Onwards

3DEC02E4

**Instructions to Private candidates only:** This question paper contains two sections. Answer Section I questions in the answer-book provided. SECTION II Internal Examination questions must be answered in the question paper itself. Follow the detailed instructions given under SECTION II.

SECTION I

Time: 3 Hours Marks: 80

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. “പുരുഷന്റെ നിർണ്ണയങ്ങളിലും ആക്രമണങ്ങളിലും പെട്ടുപോയ സ്വന്തം ലൈംഗികത തിരിച്ചുപിടിക്കാനുള്ള സ്ത്രീയുടെ ശ്രമമാണിത് -- ഏത് ? സന്ദർഭം വിശദമാക്കുക.
2. അനുഭവങ്ങളിൽ സ്വയം മറന്ന് ഒഴുകുകയെന്നത് സ്ത്രീസ്വഭാവമാണെന്ന് പറയുന്നതെന്തുകൊണ്ട് ?
3. “പുറമേ കാണുന്നത് അപ്പടി വിശ്വസിക്കുന്ന വിഡ്ഢി എന്നു വിളിക്കുന്നതുപോലെയായിരുന്നു അപ്പോഴത്തെ മുഖഭാവം”- ആരുടെ ? എപ്പോൾ ?
4. “ഈശ്വരാ അങ്ങ് സ്ത്രീകൾ ഹൃദയപതിവ്രതകളും കൂടി ആയിരിക്കണമെന്ന് ശഠിക്കുകയാണെങ്കിൽ ഞാൻ അപരാധി തന്നെ”. - ഈ ചിന്തയുടെ പ്രസക്തി എന്ത്.?
5. “എന്നെ കടന്ന് സാഹേബും കുതിരയും പാഞ്ഞുപോയിക്കഴിഞ്ഞാലും എന്റെ ഹൃദയമിടിപ്പിൽ കുതിരക്കുളമ്പടിയൊച്ച പ്രതിദ്ധ്വനിക്കും”- സന്ദർഭം ഏത് ?
6. “അവരിലൊരാളെ നീ വേൾക്ക കുഞ്ഞേ”- ആരുടെ വാക്കുകൾ ? സാഹചര്യമെന്ത് ?
7. “അരികത്തിഹ ചേർന്നു നില്ക്കിലും മമദൃഷ്ടിക്കവിടുന്നഗോചരൻ”- എന്തുകൊണ്ട് ?

8. “ഓ, ഇതിലിത്രയെക്കന്തുവാ ? എന്ന് ചിന്തിക്കാനിടയായ സാഹചര്യമെന്ത് ?

9. “ഒക്കെയറിഞ്ഞിട്ടും
പുതുവെള്ളമഴെയ്
എന്ന്
ഉള്ളിൽ
മൂളിമൂളിയിരുന്നതിനെ
പുറത്ത് വിടാഞ്ഞതെന്ത് നീ....”- ഈ വരികളിൽ തെളിയുന്ന ഭാവതലമെന്ത് ?

10. തിന്മ അമൂർത്തമായൊരു സത്തയാണെന്ന് പറയാൻ കാരണമെന്ത് ?

11. മലയാള നാടകവേദിയിൽ ‘സമത’യ്ക്കുള്ള പ്രസക്തി എന്ത് ?

12. നാടകങ്ങളിലെ പെണ്ണഭിനയങ്ങൾ- കുറിപ്പെഴുതുക

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. സാഹിത്യത്തിന്റെ പുനർവായനയിൽ സ്ത്രീവാദസിദ്ധാന്തങ്ങളുടെ സാധ്യതകൾ എന്തെല്ലാം ?

14. “സമാധാനദേവതയും സമരദേവതയും സ്ത്രീരൂപത്തിലാണ് സങ്കല്പിക്കപ്പെടുന്നതെന്ന വാസ്തവം വിഗണിച്ചല്ല ഞാനീപ്പറയുന്നത്”- സന്ദർഭവും പ്രസക്തിയും പരിശോധിക്കുക.

15. “ഭീകരവും അന്തിമവുമായ സത്യം അഭിമുഖീകരിക്കുമ്പോൾ മനുഷ്യന് ഒന്നും ചെയ്യാനാവില്ലെന്നത് മറ്റൊരു സത്യം”.‘ ഇവിടെയൊരു ടെക്കി’ എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

16. “പ്രേക്ഷകർ കഥാപാത്രത്തിനു മുന്നിൽ വെറും കളിപ്പാവകളാണെന്ന് നീ എനിക്ക് മനസ്സിലാക്കി തന്നു. ” -ആർക്ക് ? എങ്ങനെ ?

17. “എങ്ങോ ജലംകൊണ്ട് നല്കും കറുമ്പിയാം പെണ്ണിവളെ ”കവയിത്രി അവതരിപ്പിക്കുന്നതെങ്ങനെ ?

18. “തിളയ്ക്കുന്ന എണ്ണയിലേക്ക്
എന്നെയൊന്ന് എറിഞ്ഞുനോക്കൂ
അപ്പോൾ കാണാം
ആത്മവീര്യത്തോടെ തലയുയർത്തി
ഞാൻ പൊങ്ങിപ്പൊങ്ങി വരുന്നത് ”- സന്ദർഭവും അർത്ഥഭംഗിയും വിശദീകരിക്കുക.

19. വാണിജ്യവത്കരിക്കപ്പെട്ട സ്ത്രീപരിസ്ഥിതി സമൂഹത്തെക്കുറിച്ച് വിവരിക്കുക.

20. നാടകവേദിയിൽ സ്ത്രീ കഥാപാത്രങ്ങളുടെ ഭാഷയ്ക്കുള്ള പ്രത്യേകതകൾ ആദ്യകാലനാടകങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

21. “ജീവിക്കുമ്പോൾ എനിക്കൊന്നും ചെയ്യാതിരിക്കാൻ ആവില്ല.”
സന്ദർഭാനുസൃതമായി ഇതിന്റെ അർത്ഥകല്പനകൾ വിശദമാക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.*

22. സ്ത്രീ ആത്മകഥകളുടെ പ്രത്യേകതകൾ വിവരിക്കുക.

23. പെൺകഥകളുടെ സ്വത്വാവിഷ്കാരം അടയാളപ്പെടുത്തുക.

24. സ്ത്രീ കവിതകളിലെ ആവിഷ്കാരവൈവിദ്ധ്യം പാഠഭാഗങ്ങളെ ആസ്പദമാക്കി വിവരിക്കുക.

25. പാരിസ്ഥിതികസ്ത്രീവാദ ആത്മീയതയുടെ സാധ്യതകൾ ചർച്ച ചെയ്യുക.

(2×15=30)